ഉത്തരം

സാർസ് രോഗബാധ നിർണ്ണയിക്കുന്നതിനുള്ള ലബോറട്ടറി സംവിധാനം സംസ്ഥാനത്ത് ലഭ്യമല്ല. രോഗബാധ ഉണ്ടെന്ന് സംശയിക്കുന്നവരുടെ രക്തം പൂനയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ അയച്ച് പരിശോധന നടത്തുകയാണ് ഇപ്പോൾ ചെയ്തുവരുന്നത്.

കെ. എച്ച്.ആർ.ഡബ്ല്യൂ. എസ്.-ൽ സെക്യൂരിറ്റി കം ടൈം കീപ്പർ

119 (2249) ശ്രീ. എ. കെ. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എച്ച്. ആർ.ഡബ്ല്യൂ.എസ്.-ൽ സെക്യൂരിറ്റി കം ടൈം കീപ്പർ എന്നൊരു പോസ്റ്റുണ്ടോ ;

(ബി) കെ. എച്ച്. ആർ. ഡബ്ല്യൂ.എസ്. സർവീസിൽ നിയമനം നടത്തുന്നതിന് ഗവേണിംഗ് ബോഡിയുടെ അനുമതി വേണം എന്ന വ്യവസ്ഥയുണ്ടോ ;

(സി) പ്രസ്തുത ജോലിക്ക് നിയമിക്കപ്പെടുന്നവർക്കുണ്ടായിരിക്കേണ്ട വിദ്യാഭ്യാസ യോഗ്യത എന്തെല്ലാമായിരിക്കണമെന്ന് കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. സർവീസ് സംബന്ധിച്ച സ്പെഷ്യൽ റൂൾസിൽ പറയുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതെന്തെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത ജോലിയിൽ നിയമിക്കപ്പെട്ട എത്രയാളുകൾ നിലവിലുണ്ട് ;

(എഫ്) അവരുടെ യോഗ്യത എന്താണ് ;

(ജി) സെപ്ഷ്യൽ റൂൾസിൽ പറയുന്ന യോഗ്യതയില്ലാത്തവരെ എപ്രകാരമാണ് പ്രസ്തുത പോസ്റ്റിൽ നിയമിച്ചതെന്ന് വിശദീകരിക്കുമോ ;

(എച്ച്) പ്രസ്തുത പോസ്റ്റിൽ യോഗ്യതയില്ലാത്തവർക്ക് നൽകിയ നിയമനം റദ്ദാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) സ്ഥിര നിയമനം നടത്തുന്നതിന് ഗവേണിംഗ് ബോഡിയുടെ അനുമതി വേണമെന്ന വ്യവസ്ഥയുണ്ട്.

(സി&ഡി) (എ) പിരിവിന്റെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) ആരും ഇല്ല.

(എഫ് - എച്ച്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly